LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേക ഭരണ സമിതി യോഗങ്ങൾ വിളിച്ച് കൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. രോഗലക്ഷണമില്ലാത്ത കോവിഡ് രോഗികൾക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡൊമിസിലിയറി കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി. രോഗവ്യാപനം കൂടുതലുള്ള ഗ്രാമപഞ്ചായത്തുകളിൽ RTPCR ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി വാർഡുകളെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കോവിഡ് രോഗബാധിതരേയും കുടുംബാംഗങ്ങളേയും കൃത്യമായ വിവരങ്ങൾ നൽകി സഹായിക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം സജ്ജമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ കോർ ടീമുകളും കോവിഡ് വാർ/കൺട്രോൾ റൂമുകൾ രൂപീകരിച്ചു. ഹരിത കർമ്മസേന ഉൾപ്പെടെയുള്ള മുന്നണി പോരാളികൾ, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്ക് വാക്സിനേഷൻ രജിസ്ട്രേഷന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജനകീയ ഹോട്ടലുകൾ/ കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും 872 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകളും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി കിച്ചനുകളും ആരംഭിക്കുകയും ചെയ്തു.

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഗ്രാമപഞ്ചായത്തുകൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ആകെ 67,69,90,621 രൂപ അനുവദിച്ചിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

304 (1670) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ലൈഫ് ഭവന പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിട്ടത്; ആയതിൽ എത്ര വീടുകൾ പൂർത്തീകരിച്ചു; ഇതുവഴി എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ലൈഫ് മാനദണ്ഡ പ്രകാരം അർഹരായിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൻപ്രകാരം 264953 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചുകഴിഞ്ഞു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വകുപ്പുകൾ ഏകോപിച്ചുകൊണ്ട് എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് നിലവിലെ സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ?

നഗരകാര്യം, ഗ്രാമ വികസനം, പഞ്ചായത്ത്, കുടുംബശ്രീ, എസ്.സി., എസ്.ടി., ഫിഷറീസ് എന്നീ വകുപ്പുകളുടെ കീഴിലുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ ഭവനപദ്ധതികളും ലൈഫ് മിഷൻ ഭവനപദ്ധതിയും ഏകോപിച്ചുകൊണ്ട് സമ്പൂർണ്ണ ഭവനപദ്ധതിയായി 5 വർഷത്തിനുള്ളിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) അതിക്രമങ്ങൾക്ക് ഇരയായവരും നിരാലംബരുമായ സ്ത്രീകൾക്ക് ലൈഫ് ഭവനപദ്ധതിയിൽ മുൻഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

31-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നത്. ടി ക്ലേശ ഘടകങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ ലൈംഗികാതിക്രമം, ആസിഡ് ആക്രമണം, ഗാർഹിക പീഡനം, ലിംഗപരമായ മറ്റ് അതിക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യം തുടങ്ങിയവയെ അതിജീവിച്ച സ്ത്രീകളും കുട്ടികളും തുടങ്ങി ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായവരെക്കൂടി ലൈഫ് ഭവനപദ്ധതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

31-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നത്. ടി ക്ലേശ ഘടകങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly